വനവികസനവും ഗ്രാമീണ തൊഴിലവസരസൃഷ്ടിയും സംബന്ധിച്ച പ്രവർത്തനങ്ങൾ ഒറ്റ പരിപാടിയായി കൂട്ടിയിണക്കുക എന്നീ ലക്ഷ്യത്തോടുകൂടി നടപ്പിലാക്കുന്ന ടി പദ്ധതിയിൽ ഇതുവരെ 4029.76 ലക്ഷം രൂപ ചിലവിൽ 28622.21 ഹെക്ടർ പ്രദേശത്ത് പ്രക്ഷീണ വനങ്ങളിൽ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) പങ്കാളിത്ത വനപരിപാലനംവഴി നടപ്പാക്കുന്ന ദേശീയ വനവൽക്കരണ പരിപാടിയിൻകീഴിൽ സംസ്ഥാനത്ത് വനമേഖലയിൽ ഇതുവരെ 27 ലക്ഷത്തോളം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് നിലവിലുള്ള 407 വനസംരക്ഷണ സമിതികളിൽ 68 വനസംരക്ഷണ സമിതികൾ ആദിവാസികൾക്കായി മാത്രമുള്ളവയാണ്. വന്യജീവി സങ്കേതങ്ങളിൽ പ്രവർത്തിക്കുന്ന 198 ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികളിൽ ഭൂരിഭാഗവും ആദിവാസി കുടുംബങ്ങളാണ്. പങ്കാളിത്ത വനപരിപാലനത്തിലൂടെ നടപ്പാക്കുന്ന ഇക്കോ ടൂറിസം പദ്ധതികളിൽ ഗൈഡുകളായി നിയോഗിച്ചിട്ടുള്ളവയിൽ ഭൂരിഭാഗവും ആദിവാസികളാണ്.

സപ്ലൈകോയുടെ പുതിയ പദ്ധതികൾ

22 (*622) ശ്രീ. കെ. ബാബു :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സപ്ലൈകോയുടെ വിപണി വിഹിതം ഇപ്പോൾ എത്ര ശതമാനമാണ് എന്നാണ് കണക്കാക്കിയിരിക്കുന്നത് ;

(ബി കഴിഞ്ഞ വർഷത്തേക്കാൾ സപ്ലൈകോയുടെ വിപണി വിഹിതത്തിൽ എത്ര ശതമാനം വർദ്ധനവുണ്ടായി ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും ഈ രംഗത്തുണ്ടായ വർദ്ധനവ് എത്രയാണെന്നുള്ള വിശദവിവരം ലഭ്യമാക്കുമോ ;

(ഡി) സംസ്ഥാനത്തെ രൂക്ഷമായ വിലക്കയറ്റം തടയാൻ സപ്ലൈകോയുടെ കമ്പോള ഇടപെടലിന് കഴിയാത്ത സാഹചര്യത്തിൽ മറ്റെന്തൊക്കെ പുതിയ പദ്ധതികൾ സപ്ലൈകോവഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) സംസ്ഥാനത്ത് എവിടെയൊക്കെയാണ് അപ്നാ ബസാർ എന്ന വിൽപ്പനശാലകൾ പ്രവർത്തിക്കുന്നത് ;

(എഫ്) ഇത്തരം വിൽപ്പനശാലകൾ ഇനിയും എവിടെയൊക്കെ ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; വിശദവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) സപ്ലൈകോയുടെ വിപണി വിഹിതം ഏകദേശം 33 ശതമാനം ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് ഏകദേശം 3 ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

(സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2005-06-ൽ ഏകദേശം 16 ശതമാനമായിരുന്നു വിപണി വിഹിതം. മറ്റു വർഷങ്ങളിലെ വിപണിവിഹിതത്തിന്റെ വിവരം ചുവടെ ചേർക്കുന്നു :

വർഷം	വിപണി വിഹിതം
2005-06	ഏകദേശം 16%
2006-07	ഏകദേശം 18%
2007-08	ഏകദേശം 24%
2008-09	ഏകദേശം 30%
2009-10	ഏകദേശം 33%

സപ്ലൈകോ നടപ്പിലാക്കിയ ധനകാര്യ സ്റ്റോക്ക് മാനേജ്മെന്റ് സംവിധാനം വഴിയും നവീകരിച്ച വിലനിർണ്ണയ രീതി, അഴിമതിരഹിത പ്രവർത്തനാന്തരീക്ഷം, കൂടുതൽ ചില്ലറ വിൽപ്പനശാലകളുടെ ആരംഭിക്കൽ എന്നീ നടപടികളിലൂടെ വിപണി വിഹിതം വർഷംതോറും വർദ്ധിക്കുകയും ഇപ്പോൾ ഏകദേശം 33 ശതമാനമായിത്തീരുകയും ചെയ്തു.

(ഡി) സംസ്ഥാനത്തെ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം സപ്ലൈകോയുടെ നേതൃത്വത്തിൽ വമ്പിച്ച വിജയമാണ് കൈവരിച്ചത്. പാർലമെന്റിനകത്തും പുറത്തും ബഹു. കേന്ദ്ര ഭക്ഷ്യ വകുപ്പ് മന്ത്രിയുൾപ്പെടെ ഇത് പ്രകീർത്തിക്കുകയും മറ്റ് സംസ്ഥാനങ്ങൾ മാതൃകയാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. സുപ്രീം കോടതി നിയമിച്ചിട്ടുള്ള വിജിലൻസ് കമ്മിറ്റിയും പൊതു വിതരണ സമ്പ്രദായത്തെപ്പറ്റി പഠനം നടത്താൻ രൂപീകരിച്ച ജസ്റ്റിസ് വാധ്വാ കമ്മീഷനും സപ്ലൈകോ ഉൾപ്പെടുന്ന കേരളത്തിലെ പൊതുവിതരണ സമ്പ്രദായത്തെ പ്രശംസിക്കുകയും മറ്റു സംസ്ഥാനങ്ങൾക്ക് അനുകരണീയമാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ലേബർ ബ്യൂറോ ഓഫ് ഇൻഡ്യ നടത്തുന്ന സർവ്വെ അനുസരിച്ച് ഉപഭോക്തൃ വിലസൂചിക ഏറ്റവും കുറവുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. സപ്ലൈകോ ഇപ്പോൾ നടത്തിവരുന്ന കമ്പോള ഇടപെടൽ വിലക്കയറ്റത്തിന്റെ രൂക്ഷത തടയുന്നതിന് ഫലപ്രദമാണെന്ന് തെളിഞ്ഞിരിക്കുന്നതിനാൽ നിലവിലുള്ള പദ്ധതികൾ ഊർജ്ജിതമാക്കാനും കൂടുതൽ വിൽപ്പനശാലകൾ ആരംഭിക്കുവാനും നിലവിലെ വിൽപ്പനശാലകളിൽ കൂടുതൽ സൗകര്യങ്ങളും മറ്റും ഏർപ്പെടുത്തി വിപുലീകരിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കോഴിക്കോട് ജില്ലാ കളക്ടറേറ്റിലാണ് ഇപ്പോൾ അപ്നാ ബസാർ പ്രവർത്തിച്ചു വരുന്നത്.

(എഫ്) മറ്റ് ജില്ലാ കളക്ടറേറ്റുകളിലും ഇത്തരത്തിൽ അപ്നാ ബസാറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആസൂത്രണം ചെയ്തു വരുന്നു. അനുയോജ്യമായ കെട്ടിടവും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് എല്ലാ ജില്ലാ ഭരണാധികാരികളോടും ആവശ്യപ്പെട്ടിട്ടുണ്ട്.

എട്ടാം ശമ്പള കമ്മീഷന്റെ ആനുകൂല്യങ്ങൾ ലഭിക്കാത്തവർക്ക് പുതിയ പാക്കേജ്

23 (*623) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1-3-2002-നും 30-6-2004-നും ഇടയിൽ വിരമിച്ച സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും എട്ടാം ശമ്പള കമ്മീഷന്റെ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത കാലയളവിൽ വിരമിച്ചവർക്ക് നഷ്ടം നികത്താൻ പര്യാപ്തമായവിധത്തിൽ ഒരു പാക്കേജിന് രൂപം നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(ഡി) മേൽ കാലയളവിൽ വിരമിച്ച സർക്കാർ ജീവനക്കാരുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) :

(എ) ഉണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്. അഞ്ച് വർഷത്തിലൊരിക്കൽ ശമ്പള പരിഷ്കരണം നടപ്പിലാക്കണമെന്ന തത്വമനുസരിച്ച് 8-ാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യങ്ങൾ 1-3-2002 മുതൽ നടപ്പിലാക്കിയിരുന്നുവെങ്കിൽ, ഈ കാലയളവിൽ വിരമിച്ചവർക്കും ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം ലഭിക്കുമായിരുന്നുവെന്നും, ആയതിനാൽ അവർക്കുകൂടി ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം നൽകി പെൻഷൻ പുനഃക്രമീകരിക്കണമെന്നുള്ളതുമാണ് പ്രധാന ആവശ്യം.

(സി & ഡി) പരിശോധിച്ചുവരുകയാണ്.

2214/12

LIBRARY ARCHIVES Kerala Legislative Assembly